**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2497** **12-02-2024 - ൽ മറുപടിയ്ക്ക്**

**മദ്യവർജ്ജന നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ പ്രഖ്യാപിച്ച മദ്യവർജ്ജന നയത്തിന് തികച്ചും വിരുദ്ധമായ നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | വിമുക്തി പദ്ധതിക്കായി നീക്കിവച്ച തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ; | (ബി) | ഇല്ല. |
| (സി) | സംസ്ഥാനത്ത് കൂടുതൽ മദ്യശാലകൾ ആരംഭിക്കുന്ന സാഹചര്യത്തിൽ വിമുക്തി, മദ്യവർജ്ജനം തുടങ്ങിയ പ്രഖ്യാപിത ലക്ഷ്യങ്ങൾ എപ്രകാരം കൈവരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാൻ ലക്ഷ്യമിട്ട്, ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുന്നതിന് വിവിധ തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചും, വ്യക്തികളിൽ മദ്യവർജ്ജന മനോഭാവം ക്രമാനുഗതമായി വളർത്തിയെടുത്തും സംസ്ഥാനത്ത് മദ്യവർജ്ജനം എന്ന ലക്ഷ്യം കൈവരിക്കുവാൻ കഴിയും എന്നാണ് കരുതുന്നത്. ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ